# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കേരളത്തിലെ ഭൂരഹിതർ</u>

1156 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കണക്കുകൾ പ്രകാരം കേരളത്തിൽ എത്ര ഭൂരഹിതരാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ; ഇവർക്ക് നൽകുവാൻ റവന്യൂ വകുപ്പിന്റെ കണക്കു പ്രകാരം എത്ര ഏക്കർ ഭൂമി വേണമെന്നും പാറക്കെട്ടുകളും ചതുപ്പുനിലങ്ങളും ഒഴിവാക്കിയാൽ സർക്കാരിന്റെ പക്കൽ നിലവിൽ എത്ര ഏക്കർ ഭൂമി ഉണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) മതിയായ അളവ് ഭൂമി സർക്കാരിന്റെ കൈവശം ഇല്ലെങ്കിൽ അടുത്ത വർഷത്തോടെ കേരളത്തെ ഭൂരഹിതർ ഇല്ലാത്ത സംസ്ഥാനമാക്കുമെന്ന സർക്കാരിന്റെ തീരുമാനം എങ്ങിനെയാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഭൂരഹിതർക്ക് മിച്ചഭൂമി</u>

1157 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് സർക്കാർ അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) മിച്ചഭൂമി ലഭിക്കുന്നതിനുവേണ്ടി ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര അപേക്ഷകരുണ്ടെന്ന് പറയാമോ;

(ഡി) സ്വീകരിച്ച അപേക്ഷകളിൻമേൽ സമയബന്ധിതമായി മേൽനടപടികൾ സ്വീകരിക്കുന്നുവെന്ന് സർക്കാർ പരിശോധിക്കുന്നുണ്ടോ;

(ഇ) നടപടികൾ പൂർത്തിയാക്കി സർക്കാർ നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽതന്നെ മിച്ചഭൂമി വിതരണം നടത്തുമെന്ന് ഉറപ്പുവരുത്തുമോ?

# കേരള നിയമസഭ
# 21.03.2013–ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

1158 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായുള്ള കണക്കെടുപ്പിന്റെ ജില്ലതിരിച്ചുള്ള വിവരങ്ങൾ വ്യക്തമാക്കുമോ;

(ബി) ഈ കണക്കെടുപ്പ് എത്ര നാളുകൾക്കുള്ളിൽ പൂർത്തീകരിയ്ക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കണക്കെടുപ്പ് അനന്തമായി നീട്ടിക്കൊണ്ടുപോകുന്നത് നീതി നിക്ഷേധമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>തിരുവനന്തപുരം ജില്ലയിൽ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി</u>

1159

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' എന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ എത്ര ഭൂരഹിതരെ കണ്ടെത്തി; ഇവർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് എത്ര അളവ് ഭൂമി വേണമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനാവശ്യമായ ഭൂമി തിരുവനന്തപുരം ജില്ലയിൽ ലഭ്യമാണ് എന്ന് കണ്ടെത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>കേരളത്തിലെ ഭൂരഹിതരും മിച്ചഭൂമിയും</u>

1160 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭൂരഹിതരുടെ പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ ആകെ എത്ര ഭൂരഹിതർ ഉണ്ടെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) പെരുമ്പാവൂർ മണ്ഡലത്തിൽ എത്ര ഭൂരഹിതർ ഉണ്ട്; എത്ര മിച്ചഭൂമി ഉണ്ട്;

(ഡി) കേരളത്തിൽ പതിനഞ്ച് ഏക്കറിൽ കൂടുതൽ തോട്ടം ഇതര ഭൂമി ഉള്ളവർ എത്ര; പരിധിയിൽ കൂടുതൽ എത്ര ഭൂമി ഇവർ കൈവശം വെക്കുന്നുണ്ട്; ഇതിൽ പെരുമ്പാവൂർ മണ്ഡലത്തിൽ എത്ര; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>ഭൂപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത മിച്ചഭൂമിയുടെ പരിപാലനം</u>

1161 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്ത മിച്ചഭൂമിയുടെ പരിപാലനത്തിനായി നടപ്പു സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മിച്ചഭൂമി വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഭൂമി വിതരണം</u>

1162 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയില്ലാത്ത എത്ര പേർ ഭൂമിക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്;

(സി) ഈ വർഷം എത്ര പേർക്കാണ് ഭൂമി നൽകാൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ ഭൂരഹിതര്‍</u>

1163 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയില്‍ പാലക്കാട് ജില്ലയില്‍ എത്ര അപേക്ഷകള്‍ ലഭിച്ചിട്ടുണ്ട്;

(ബി) ഈ പദ്ധതിക്കായി ജില്ലയില്‍ എത്ര ഏക്കര്‍ ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളത്;

(സി) പ്രസ്തുതപദ്ധതി പ്രകാരം ജില്ലയില്‍ എത്രപേര്‍ക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭ റോഡുകളുടെ പുനരുദ്ധാരണം</u>

1164 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുവദിക്കുന്ന പ്രകൃതിക്ഷോഭ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ ഇംപ്ലിമെന്റിംങ് ഓഫീസർ ആരാണെന്ന് അറിയിക്കാമോ ;

(ബി) മേൽ പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ ജി.ഒ.(ആർ.ടി.) നമ്പർ 4750/2011/ ഡി.എം.ഡി. തീയതി 27.10.2011 ഉത്തരവ് പ്രകാരം പുല്ലൂർ-പെരിയ പഞ്ചായത്തിൽ അനുവദിച്ച രണ്ട് റോഡുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുവരെ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ ;

(സി) ജില്ലാ കളക്ടർ ലെറ്റർ നം.കെ1-46597/2011 തീയതി 18.11.2011 നും കെ3/5817/2011 തീയതി 02.02.2012 നും എക്സിക്യൂഷൻ അനുമതിക്കായി പ്രപ്പോസൽ സമർപ്പിക്കാൻ പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടും ഇതുവരെ ആയത് ചെയ്തിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കാലതാമസം വരുത്തി തുക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാക്കിയ സെക്രട്ടറിക്കെതിരെ നടപടി എടുക്കുന്നത് പരിഗണിക്കുമോ ?

## കേരള നിയമസഭ
## 21.03.2013–ലെ മറുപടിക്ക്

ദ്രുതകർമ്മസേന

1165 ശ്രീ. ജോസഫ് വാഴക്കൻ
,, വർക്കല കഹാർ
,, പി. എ. മാധവൻ
,, ആർ സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുരന്തനിവാരണത്തിനായി ദ്രുതകർമ്മ സേന രൂപീകരിച്ചിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) സേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം, വിശദാംശങ്ങൾ എന്തെല്ലാം;

(സി) സേനയിലെ അംഗങ്ങൾ ആരെല്ലാമാണ്, വിശദമാക്കുമോ;

(ഡി) എവിടെയെല്ലാമാണ് സേനയുടെ പ്രവർത്തനം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി</u>

1166 ശ്രീ. ബി.ഡി ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം ദുരന്ത സാഹചര്യങ്ങളിൽ പാലം പണിയുന്ന സ്കീമിൽ ഉൾപ്പെടുത്തി തൃശൂർ ജില്ലയിലെ തൈക്കൂട്ടം കടവ്, ബ്ലാങ്ങാട് കടവ്, കാരേ കടവ് എന്നിവിടങ്ങളിൽ തൂക്കുപാലങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) എഗ്രിമെന്റ് വയ്ക്കുന്നതിനും, നിർമ്മാണം ആരംഭിക്കുന്നതിനും എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) തടസ്സങ്ങൾ നീക്കി നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ മിച്ച ഭൂമി</u>

1167 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാരിന്റെ കൈവശം എത്ര ഏക്കർ മിച്ച ഭൂമിയുണ്ടെന്നാണ് രേഖകൾ പ്രകാരമുള്ള കണക്കെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം കൈവശമുള്ള മിച്ചഭൂമി ഭൂരഹിതരായവർക്ക് വിതരണം ചെയ്യാതിരിയ്ക്കുവാനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>പട്ടയ വിതരണം</u>

1168 ശ്രീ. റോഷി അഗസ്റ്റിൻ
,, ഡോ. എൻ. ജയരാജ്
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേർക്ക് പട്ടയം നൽകാൻ സാധിച്ചു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾ എത്ര പേർ ഉൾപ്പെടുമെന്ന് അറിയിക്കുമോ;

(സി) പട്ടയത്തിന് അപേക്ഷ നൽകിയവരിൽ പട്ടയം ലഭിക്കാൻ അർഹരായവർ എത്ര പേർ അവശേഷിക്കുന്നുവെന്ന് ജില്ല തിരിച്ച് അറിയിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സർക്കാരിന്റെ പാട്ടഭൂമി</u>

1169 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സർക്കാർ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ, ആകെ എത്ര ഭൂമി ആർക്കൊക്കെ നൽകിയെന്നും പാട്ടത്തുക എത്രയെന്നും ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഭൂമി പാട്ടത്തിന് നൽകിയത് മുൻസർക്കാർ ലാൻഡ് ബാങ്കിൽ നിക്ഷേപിച്ച ഭൂമിയിൽ നിന്നാണെങ്കിൽ അത് എത്രയെന്നും ഇപ്പോൾ ലാൻഡ് ബാങ്കിൽ എത്ര ഭൂമി ഉണ്ടെന്നും അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ലാൻഡ് ബാങ്കിൽ എത്ര ഭൂമി നിക്ഷിപ്തമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി</u>

1170 ശ്രീ. ഇ. പി. ജയരാജൻ
,, എ. കെ. ബാലൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ തോട്ട ഉടമകൾ കൈവശം വെച്ചിട്ടുള്ളതും പാട്ടക്കാലാവധി കഴിഞ്ഞതുമായ ഭൂമി ഏറ്റെടുക്കുന്നതു സംബന്ധിച്ച സർക്കാർ നിലപാട് എന്താണെന്ന് വെളിപ്പെടുത്താമോ ;

(ബി) നെല്ലിയാമ്പതിയിലെ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണ് ;

(സി) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള അനധികൃത ഭൂമി സംബന്ധിച്ച് സർക്കാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിലെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ഡി) എച്ച്.എം.എൽ. കമ്പനിയുടെ കേസിൽ ഹൈക്കോടതി നിർദ്ദേശം എന്തായിരുന്നു;

(ഇ) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള അനധികൃത ഭൂമി മൊത്തമായി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കല്ലേലി എസ്റ്റേറ്റ് ഏറ്റെടുക്കാൻ നടപടി</u>

1171 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്ന കല്ലേലി എസ്റ്റേറ്റിലെ 831 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുക്കണമെന്ന ഹൈക്കോടതി വിധി സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുകയോ അതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഇല്ലായെങ്കിൽ കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വരൾച്ചാ ദുരിതാശ്വാസം</u>

1172 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി എത്ര കോടി രൂപയാണ് ഇക്കൊല്ലം സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത് ;

(ബി) ഇത് ഏതെല്ലാം മേഖലകൾക്കു വേണ്ടിയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുവരെ കേന്ദ്ര സഹായമായി എത്ര രൂപ ലഭിച്ചിട്ടുണ്ട് ;

(ഡി) ഏതെല്ലാം മേഖലക്കുവേണ്ടിയാണ് കേന്ദ്രം പണം അനുവദിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ചു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വരൾച്ചാ പാക്കേജ്</u>

1173 ശ്രീ .കെ. രാധാകൃഷ്ണൻ
,, കെ. വി. വിജയദാസ്
,, ബി. സത്യൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം അഭിമുഖീകരിക്കുന്ന വരൾച്ച നേരിടുന്നതിന് വരൾച്ചാ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിച്ചതിനുശേഷം എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചത്;

(സി) ദുരിതാശ്വാസം നൽകുന്നതിന് ഇന്നുള്ള മാനദണ്ഡങ്ങൾ ദുരിതബാധിതരായ സാധാരണക്കാർക്ക് ഉതകും വിധം ലളിതമാക്കാൻ തയ്യാറാകുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>കാർഷിക വായ്പകൾക്ക് മൊറട്ടോറിയം</u>

1174 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, പി. എ. മാധവൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) വരൾച്ച നേരിടുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കർഷകർക്ക് എന്തെല്ലാം ആശ്വാസങ്ങളാണ് ഇതുവഴി നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) കാർഷിക വായ്പകൾക്ക് എതിരെയുള്ള റവന്യൂ റിക്കവറി കേസ്സുകൾ, ജപ്തികൾ എന്നിവ നിർത്തി വയ്ക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

വരൾച്ച ബാധിത പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം

1175 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വരൾച്ച ബാധിത പ്രദേശമായി പ്രഖ്യാപിച്ചതിനുശേഷം ജില്ലകൾക്ക് എത്ര കോടി രൂപയാണ് സഹായമായി ഇതുവരെ അനുവദിച്ചിട്ടുള്ളത്;

(ബി) ഓരോ ജില്ലകൾക്കും നൽകിയിട്ടുള്ള സംഖ്യയുടെ കണക്കുകൾ വ്യക്തമാക്കുമോ;

(സി) വരൾച്ചമൂലം സംസ്ഥാനത്ത് ഏറ്റവുമധികം നാശനഷ്ടമുണ്ടായിട്ടുള്ള ജില്ലകൾ ഏതൊക്കെയെന്നു വ്യക്തമാക്കുമോ?

(ഡി) ഈ ജില്ലകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് റവന്യൂ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഇ) കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എത്രകോടി രൂപ ചെലവഴിച്ചാണ് മുൻകരുതൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വരൾച്ചമൂലമുള്ള നഷ്ടം</u>

1176

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാളിതുവരെ വരൾച്ച മൂലമുള്ള സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) വരൾച്ച മൂലമുള്ള നഷ്ടം നേരിടുന്നതിന് ഇതിനകം കേന്ദ്ര ഗവൺമെന്റ് എന്ത് സഹായം നൽകിയെന്ന് വെളിപ്പെടുത്താമോ;

(സി) വരൾച്ച മൂലമുള്ള നഷ്ടം നേരിടാൻ സംസ്ഥാന സർക്കാർ ഇതിനകം എന്ത് തുക നീക്കിവെച്ചെന്ന് വിശദമാക്കാമോ;

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാറുകൾ നീക്കിവെച്ച തുകയിൽ നിന്ന് ഇതിനകം എത്ര തുക ഏതൊക്കെ മേഖലയിൽ എന്തെല്ലാം കാര്യങ്ങൾക്കായി ഉപയോഗിച്ചെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വരൾച്ചാ കെടുതി നിവാരണം</u>

1177 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാധിച്ച വരൾച്ചാ കെടുതി പരിഹരിക്കുന്നതിന് സംസ്ഥാനസർക്കാർ ഇതിനകം എത്ര തുക അനുവദിച്ചു എന്ന് വെളിപ്പെടുത്താമോ; ഈ തുക എതെല്ലാം മേഖലയിൽ എങ്ങനെ ചെലവഴിച്ചുവെന്ന് വിശദമാക്കാമോ;

(ബി) വരൾച്ചാ ദുരിതാശ്വാസത്തിന് കേന്ദ്രസർക്കാരിൽ നിന്നും സഹായം അഭ്യർത്ഥിക്കുകയുണ്ടായോ;

(സി) ഇതിനായി എന്തെങ്കിലും പാക്കേജ് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ

(ഡി) കേന്ദ്രസർക്കാർ ഈ ആവശ്യം പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വരൾച്ചാ ദുരിതാശ്വാസം</u>

1178 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വരൾച്ചമൂലം കാർഷിക മേഖലിയിൽ ഉണ്ടായ നാശനഷ്ടം വിലയിരുത്തിയിട്ടുണ്ടോ; ആകെ എത്ര രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്;

(ബി) വരൾച്ചാ ദുരിതം മറികടക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) വരൾച്ചാ ദുരിതാശ്വാസമായി ഓരോ ജില്ലയ്ക്കും അനുവദിച്ച സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ദുരിതാശ്വാസ പദ്ധതിയിൽ റോഡ് പുനരുദ്ധാരണം

1179 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2012-13 സാമ്പത്തിക വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ റോഡ് പുനരുദ്ധരാണത്തിന് എന്ത് തുക അനുവദിച്ചു എന്ന് വെളിപ്പെടുത്താമോ;

(ബി) ഫണ്ട് അനുവദിച്ചതിന്റെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ;

(സി) അനുവദിച്ച തുകയിൽ ഇതിനകം എത്ര ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള സഹായം</u>

1180 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അപകടമരണം/ചികിത്സാധനസഹായം തുടങ്ങിയ ആവശ്യങ്ങൾക്ക് ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിക്കുമ്പോൾ 50000/- രൂപയ്ക്ക് മുകളിലുള്ള ആനുകൂല്യം ജനപ്രതിനിധികളെ അറിയിച്ചുവേണം ഗുണഭോക്താക്കൾക്ക് നൽകേണ്ടതെന്ന നിർദ്ദേശം ജി.ഒ.(ആർ.ടി) നമ്പർ 6769/12/റവന്യൂ തീയതി 28.11.12) ഇപ്പോഴും നിലവിലുണ്ടോ;

(ബി) കൊല്ലം ജില്ലയിലെ പല താലൂക്കുകളിലും വില്ലേജുകളിലും ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ലായെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ബന്ധപ്പെട്ടവരോട് ഗവൺമെന്റ് നിർദ്ദേശം പാലിക്കുവാൻ ആവശ്യപ്പെടുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം</u>

1181 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദീതീര സംരക്ഷണത്തിനായി റിവർ മാനേജ്മെന്റ് ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഈ ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണ്;

(ബി) 2012-13 സാമ്പത്തിക വർഷം സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ട് അനുവദിച്ചതിന്റെയും ചെലവഴിച്ചതിന്റെയും കണക്ക് ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) മണലെടുക്കുന്ന കടവുകളുള്ള പഞ്ചായത്തുകൾക്ക് ഫണ്ടു നൽകുന്നതിൽ മുൻഗണന നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>പൊതുമേഖലയിലെ മണൽവിൽപ്പന</u>

1182 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളോട് ചേർന്ന് മണൽ മേഖലയിൽ നടക്കുന്ന അനധികൃത മണൽ ഖനനവും, മാഫിയ പ്രവർത്തനങ്ങളും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മണൽ വിൽപന പൊതുമേഖലയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പൊതുമേഖലയിലൂടെ പായ്ക്കറ്റുകളിലാക്കി വിപണനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇതിന് കുടുംബശ്രീ എം.എൻ.ആർ.ഇ.ജി.എസ്. പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തി ജനങ്ങൾക്ക് ന്യായവിലക്ക് മണൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

പാലക്കാട് ജില്ലയിൽ ആർ.എം.എഫിന്റെ വിനിയോഗം

1183 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ 28.2.2013 ലെ കണക്ക് പ്രകാരം എത്ര രൂപയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലയിലെ ആർ.എം.എഫ് ഫണ്ടിലേയ്ക്ക് ഏറ്റവും കൂടുതൽ ഏതു താലൂക്കിൽ നിന്നുമാണ് തുക വരുന്നത്; വിശദാംശം 1.7.2006 മുതൽ 28.2.2013 വരെയുള്ള വാർഷിക സ്റ്റേറ്റ്മെന്റ് രൂപത്തിൽ നൽകാമോ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം മേജർ വർക്കുകൾ പുഴ സംരക്ഷണത്തിനായി നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകാമോ;

(ഡി) ഒറ്റപ്പാലം തടയണ നിർമ്മാണം സംബന്ധിച്ച് മൈനർ ഇറിഗേഷന്റെ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; അതിന്റെ കാലിക സ്ഥിതി വിശദമാക്കുമോ;

(ഇ) പ്രസ്തുത പ്രൊപ്പോസൽ തീരുമാനത്തിനായി സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിയിലേയ്ക്ക് അയച്ചിട്ടുണ്ടോ; അയച്ചത് എന്നാണ്; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) ഭാരതപ്പുഴയിൽ റയിൽവേ സ്റ്റേഷന് സമീപം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് തടയണ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ മലമ്പുഴ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നാണ് പാലക്കാട് ജില്ലാ കളക്ടർക്ക് നൽകിയത്;

(ജി) പ്രസ്തുത പ്രൊപ്പോസൽ ജില്ലാ വിദഗ്ദ്ധ സമിതി അംഗീകരിച്ചുവോ; അംഗീകരിച്ചുവെങ്കിൽ ഭരണാനുമതിക്കായി സർക്കാരിലേക്ക് എന്നാണ് അയച്ചത്;

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

(എച്ച്) പ്രസ്തുത പ്രൊപ്പോസലിന്റെ കാലികസ്ഥിതി വിശദീകരിക്കാമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

## റിവർ മാനേജ്മെന്റ് ഫണ്ട്

1184 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് പമ്പയാറ്റിലും മണിമലയാറ്റിലും നടപ്പാക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര പ്രോജക്ടുകളാണ് സംസ്ഥാനതല സമിതിക്കു മുമ്പിൽ എത്തിയിട്ടുള്ളതെന്ന് പ്രോജക്ടിന്റെയും നദിയുടെയും പേരും, തുകയും സഹിതം വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ പ്രോജക്ടുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഭരണാനുമതി ലഭിച്ച പ്രോജക്ടുകളുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനതല സമിതിക്ക് ലഭിച്ച മറ്റു പ്രോജക്ടുകളിന്മേൽ ഭരണാനുമതി നൽകുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആർ.എം.എഫ് ലുൾപ്പെടുത്തി അനുമതിയ്ക്കായി സംസ്ഥാന സമിതിക്ക് നൽകിയ പുതിയ പദ്ധതികൾ ഏതൊക്കെ എന്ന് നദിയുടെ പേരും പ്രോജക്ടിന്റെ പേരും തുകയും സഹിതം വ്യക്തമാക്കുമോ; ഇവയിൽ എത്ര എണ്ണത്തിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ബാക്കി പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകാൻ കഴിയാതിരുന്നത് എന്തു കൊണ്ട്;

(ഇ) ഭരണാനുമതി ലഭിച്ച പ്രോജക്ടുകളുടെ ഓരോന്നിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു വിശദമാക്കുമോ;

(എഫ്) ഭരണാനുമതി നൽകാത്ത പ്രോജക്ടുകൾക്ക് വീണ്ടും അംഗീകാരം നൽകാനായി സ്വീകരിച്ച നടപടികൾ എന്ത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന പദ്ധതി</u>

1185 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, ഇ. കെ. വിജയൻ
,, ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഏതെങ്കിലും പഞ്ചായത്തുകളിൽ വില്ലേജ് ഇല്ലാത്തതായിട്ടുണ്ടോ; എങ്കിൽ എത്ര പഞ്ചായത്തുകളിൽ; എവിടെയെല്ലാം;

(സി) ഈ പഞ്ചായത്തുകളിൽ വില്ലേജുകൾ സ്ഥാപിക്കാൻ കഴിയാതിരിക്കുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വല്ലാപ്പുഴ വില്ലേജ് ഓഫീസ് നിർമ്മാണം</u>

1186 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി വില്ലേജ് ഓഫീസ് കെട്ടിടമില്ലാത്ത അപൂർവ്വം പഞ്ചായത്തുകളിൽ ഒന്നായ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ വല്ലാപ്പുഴ വില്ലേജ് ഓഫീസിന് കെട്ടിടം പണിയുന്നതിന് ഗ്രാമവികസനവകുപ്പിൽ നിന്ന് സ്ഥലം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വില്ലേജ് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സ്മാർട്ട് വില്ലേജ് ഓഫീസുകൾ</u>

1187 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എന്തൊക്കെ സൗകര്യങ്ങളാണ് ഇത്തരം വില്ലേജ് ഓഫീസുകളിൽ അധികമായി ഏർപ്പെടുത്തുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആദ്യഘട്ടത്തിൽ എത്ര വില്ലേജ് ഓഫീസുകളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആയി മാറ്റുന്നത്; പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഏത് വില്ലേജ് ഓഫീസാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വില്ലേജ് ഓഫീസുകളുടെ നവീകരണം</u>

1188 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളുടെ നിലവിലെ ഓഫീസ് അന്തരീക്ഷവും പ്രവർത്തന രീതിയും നവീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ ;

(ബി) സ്വന്തം ഓഫീസ് കെട്ടിടം ഇല്ലാത്ത വില്ലേജുകളിൽ സന്ദർശകർക്ക് ഇരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുമോ ; വിശദാംശം നൽകുമോ ;

(സി) വില്ലേജ് ഓഫീസുകൾ കംപ്യൂട്ടർവത്ക്കരിക്കുകയും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം</u>

1189 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ റവന്യൂ വകുപ്പിലെ ഏതെല്ലാം രേഖകളും സർട്ടിഫിക്കറ്റുകളുമാണ് അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്നതെന്നു വ്യക്തമാക്കുമോ; ഇപ്രകാരം സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങളിലൂടെ നെറ്റ് കണക്ഷന്റെയും കമ്പ്യൂട്ടറിന്റെയും സഹായത്താൽ ഒരപേക്ഷ നൽകി സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ എത്രതവണ ഒരു കക്ഷി അക്ഷയ കേന്ദ്രത്തിൽ പോകേണ്ടിവരും എന്നു പറയാമോ; ഇതിനുവേണ്ടി പലതവണ പണം നൽകേണ്ടിവരുമോ എന്നു വ്യക്തമാക്കുമോ; അപേക്ഷ സമർപ്പിച്ചുകഴിയുമ്പോൾ റവന്യൂ ഉദ്യോഗസ്ഥർ അപേക്ഷയിലെ പോരായ്മകൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യുകയോ, അപേക്ഷ മടക്കുകയോ ചെയ്യുമ്പോൾ വീണ്ടും അപേക്ഷാ ഫീസ് നൽകാതെ അപേക്ഷ പുന:സമർപ്പിക്കുവാൻ കഴിയുമോ എന്നു പറയാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ദുരന്ത നിവാരണ സെല്ലിന്റെ പബ്ലിക് അഡ്രസ് സിസ്റ്റം</u>

1190 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ കീഴിലുള്ള ദുരന്ത നിവാരണ സെല്ലിൽ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളെ ഏകോപിപ്പിച്ച് കൊണ്ട് വാർത്താ വിനിമയ ഉപകരണങ്ങളും പബ്ലിക് അഡ്രസ് സിസ്റ്റവും സ്ഥാപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവ പൂർണ്ണമായും പ്രവർത്തിക്കുന്നുണ്ടോ;

(സി) ഇത് നടപ്പിലായിട്ടുണ്ടെങ്കിൽ ഗവൺമെന്റ് എത്ര രൂപ ചെലവാക്കി എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സിസ്റ്റം നിലവിൽ വന്നതിനുശേഷം ഏതെങ്കിലും സർക്കാർ വിഭാഗം പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ;

(ഇ) ഏതെല്ലാം ദുരന്തങ്ങളിൽ സഹായം നൽകാൻ ഈ സിസ്റ്റം വഴി കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(എഫ്) പോലീസ്, ഫയർഫോഴ്സ് തുടങ്ങിയ വിഭാഗങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിന് പോലീസ് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിലെ അംഗങ്ങളെ ഡെപ്യൂട്ടേഷനിൽ നിയമിച്ച് പ്രവർത്തനവും മെയിന്റനൻസും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്</u>

1191 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി. തോമസ്
'' ജോസ് തെറ്റയിൽ
'' സി. കെ. നാണു.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ വിവിധ തലങ്ങളിലെ റവന്യൂ ഉദ്യോഗസ്ഥർ പ്രകടിപ്പിക്കുന്ന നിഷേധാത്മകമായ സമീപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവുകളും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാൻ പോലും പല റവന്യൂ ഉദ്യോഗസ്ഥരും തയ്യാറാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത്തരത്തിലുള്ള ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തൽ</u>

1192 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ, എൻ. സി. ഇ. ആർ. ടി. എന്നീ സിലബസുകളിൽ വിദ്യാഭ്യാസം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് അവരുടെ 10,12 ക്ലാസുകളിലെ സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തുന്നില്ലെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ;

(ബി) ഈ വിദ്യാർത്ഥികൾക്ക് സംവരണാനുകൂല്യങ്ങളുൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കുവേണ്ടി വില്ലേജാഫീസുകളിൽനിന്നും ജാതി സർട്ടിഫിക്കറ്റ് കിട്ടാൻ ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിലെ ഫ്ളഡ് റിലീഫ് വർക്കുകൾ</u>

1193

ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക നിവാരണ പദ്ധതി പ്രകാരം വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ 2012 -13 വർഷം ഏതൊക്കെ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കളക്ടറേറ്റ് തലത്തിൽ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്;

(സി) ഫ്ളഡ് റിലീഫ് പ്രവൃത്തികൾ എത്രയും വേഗം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

കിളിമാനൂരിലെ ഇലക്ട്രിക് ശ്മശാനം

1194 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ ഇലക്ട്രിക് ശ്മശാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് റസിഡന്റ്സ് അസോസിയേനുകളുടെ സംഘടന റവന്യൂ മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ വ്യക്തമാക്കുമോ;

(ബി) പഞ്ചായത്ത് പ്രദേശങ്ങളിൽ ഇലക്ട്രിക് ശ്മശാനം സ്ഥാപിക്കുന്നതിന് എത്ര സെന്റ് ഭൂമിയാണ് ലഭ്യമാക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>ലാന്റ് ട്രൈബ്യൂണൽ ഓഫീസ്, സ്പെഷ്യൽ തഹസിൽദാർ ഓഫീസ് എന്നിവിടങ്ങളിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക</u>

1195 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ലാന്റ് ട്രൈബ്യൂണൽ ഓഫീസ്, സ്പെഷ്യൽ തഹസിൽദാർ ഓഫീസുകളായ എൽ.എ. റെയിൽവേ നമ്പർ 2, എൽ.എ നമ്പർ 2(കുണ്ടറ), എൽ.എ (കെ.എം.എം.എൽ) എന്നീ ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പളവും, മറ്റ് അലവൻസുകളും ലഭിക്കുന്നില്ലായെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ജീവനക്കാർക്ക് എത്ര മാസത്തെ ശമ്പളം ലഭിക്കുവാനുണ്ടെന്നും, ആയത് എന്നത്തേയ്ക്ക് നൽകുവാൻ നടപടി സ്വീകരിക്കുമെന്നും അറിയിക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

സംസ്കൃത സർവ്വകലാശാല തുറവൂർ സബ്സെന്ററിന് സ്ഥലം

1196 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് തുറവൂർ തെക്ക് വില്ലേജിൽ ലാന്റ് ബാങ്കിന്റെ അധീനതയിലുള്ള ½ ഏക്കർ ഭൂമി ലഭ്യമാക്കണമെന്ന അരൂർ എം.എൽ.എ. യുടെ അപേക്ഷയിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ സ്ഥലം ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ചടയമംഗലം പെരപ്പയം പാലം നിർമ്മാണം</u>

1197 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം പെരപ്പയം പാലം നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കുന്നതിന് ഭൂഉടമകൾക്ക് പണം ലഭ്യമാക്കാത്തതിനാൽ അക്വിസിഷൻ നടപടികൾ നടക്കാതിരിക്കുന്നതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭൂഉടമകൾക്ക് പണം ലഭ്യമാക്കി സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി പാലം പണിയ്ക്കായി നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

1198

ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ഭൂമി സംരക്ഷണം സംബന്ധിച്ചുള്ള ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

കുട്ടനാട്ടിലെ ആര്‍. ബ്ലോക്കിലെ കുട്ടമംഗലം സര്‍വ്വീസ് സഹകരണ ബാങ്ക് നടത്തിയ ഭൂമി വില്‍പ്പന

1199 ശ്രീ. പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസന്‍ നായര്‍
,, ബെന്നി ബെഹനാന്‍
,, ഡൊമിനിക് പ്രസന്റേഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2007-ല്‍ കുട്ടനാട്ടിലെ ആര്‍. ബ്ലോക്കിലെ കുട്ടമംഗലം സര്‍വ്വീസ് സഹകരണ ബാങ്ക് നടത്തിയ ഭൂമി വില്‍പ്പന സംഭവത്തില്‍ വിജിലന്‍സ് അന്വേഷണം നടത്താന്‍ ഉത്തരവ് ആയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം കാര്യങ്ങളിലാണ് വിജിലന്‍സ് അന്വേഷണം നടത്താന്‍ തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ആര്‍ക്കെല്ലാം എതിരെയാണ് വിജിലന്‍സ് അന്വേഷണം നടത്തുന്നത്; വിശദമാക്കുമോ;

(ഡി) അന്വേഷണം പൂര്‍ത്തിയാക്കുന്നതുവരെ ഇതില്‍ ഉള്‍പ്പെട്ട വസ്തുക്കളില്‍ പോക്കുവരവ് നടത്തുന്നത് നിര്‍ത്തിവയ്ക്കാനും ഭൂമിയുടെ ഇപ്പോഴത്തെ അവസ്ഥ നിലനിര്‍ത്തുവാനും എന്തൊക്കെ നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ഡിസാസ്റ്റര്‍ മാനേജ്മെന്റ് വിഭാഗത്തിന്റെ സഹായം</u>

1200 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അടൂര്‍ നിയോജകമണ്ഡലത്തില്‍ ഉള്‍പ്പെടുന്ന മണ്ണടിയില്‍ തുടര്‍ച്ചയായി ഭൂചലനം ഉണ്ടായിട്ടുള്ള വിവരം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) തുടര്‍ ചലനങ്ങള്‍ ഉണ്ടാകുന്നത് കാരണം സ്ഥലവാസികള്‍ തികച്ചും ആശങ്കയിലാകയാല്‍ ആയത് പരിഹരിക്കുന്നതിനുവേണ്ടി ഡിസാസ്റ്റര്‍ മാനേജ്മെന്റ് വിഭാഗത്തിന്റെ സഹായം ലഭ്യമാക്കുമോ;

(സി) അനുബന്ധ വിഷയവുമായി ബന്ധപ്പെട്ട് ഈ മേഖലയില്‍ സര്‍ക്കാരിന്റെ സാങ്കേതികവിഭാഗം എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കില്‍ ഈ മേഖലയുമായി ബന്ധപ്പെട്ട് അനുബന്ധ വിഷയത്തിന്മേല്‍ ശാസ്ത്രീയ പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 21.03.2013-ലെ മറുപടിക്ക്

<u>തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂളിന് കെട്ടിടം</u>

1201 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനവകുപ്പിനുകീഴിലുള്ള ചേലക്കര മണ്ഡലത്തിലെ തിരുവില്വാമല മോഡൽ റസിഡൻഷ്യൽ സ്കൂൾ വാടകക്കെട്ടിടത്തിലാണ് വർഷങ്ങളായി പ്രവർത്തിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്കൂളിന് സ്ഥിരം കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് തിരുവില്വാമല ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള റവന്യൂ ഭൂമി പട്ടികജാതിവികസനവകുപ്പിനു കൈമാറാൻ ഉത്തരവായിട്ടുള്ളതും എന്നാൽ ഇതേവരെ പ്രസ്തുത ഭൂമി കൈമാറിയിട്ടില്ലെന്നും അറിയുമോ;

(സി) എങ്കിൽ പ്രസ്തുത ഭൂമി സ്കൂൾ കെട്ടിടനിർമ്മാണത്തിന് കൈമാറുവാൻ തടസ്സമെന്താണെന്ന് പറയാമോ;

(ഡി) ഈ ഭൂമി കൈമാറ്റത്തെ സംബന്ധിച്ചുള്ള ഫയൽ നടപടികൾഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഇ) എം.ആർ.എസിനുവേണ്ടി കെട്ടിടങ്ങൾ നിർമ്മിക്കുവാനുൾപ്പെടെയുള്ള ഫണ്ട് അനുവദിച്ച് വർഷങ്ങളാകുകയും സ്ഥിരം കെട്ടിടങ്ങളുടെ അഭാവത്തിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ എത്രയും വേഗം പ്രസ്തുത ഭൂമി പട്ടികജാതിവികസനവകുപ്പിന് കൈമാറ്റം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കൊടകര വില്ലേജിലെ മിനി സിവിൽ സ്റ്റേഷൻ</u>

1202 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കൊടകര ടൗണിൽ കൊടകര വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന റവന്യൂ വകുപ്പു വക സ്ഥലത്ത് 'മിനി സിവിൽ സ്റ്റേഷൻ' നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ബാലുശ്ശേരിയിൽ മിനി സിവിൽസ്റ്റേഷൻ</u>

1203 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബാലുശ്ശേരിയിൽ മിനി സിവിൽസ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>നെല്‍വയലുകളും തണ്ണീര്‍ത്തടങ്ങളും മണ്ണിട്ടു നികത്തല്‍</u>

1204 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റവന്യൂ വകുപ്പിന്റെ അനുമതി ഇല്ലാതെ നെല്‍വയലുകളും തണ്ണീര്‍ത്തടങ്ങളും മണ്ണിട്ടു നികത്തിയെടുത്തവര്‍ക്ക് പരമാവധി നല്‍കാവുന്ന ശിക്ഷ എന്താണ്; വ്യക്തമാക്കുമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം തൃശൂര്‍ ജില്ലയില്‍ അനുമതിയില്ലാതെ നെല്‍വയല്‍ മണ്ണിട്ടു നികത്തുന്നതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടര്‍ക്ക് എത്ര പരാതി ലഭിച്ചിട്ടുണ്ട്; താലൂക്ക് - വില്ലേജ് അടിസ്ഥാനത്തില്‍ വിശദാംശം വ്യക്തമാക്കുമോ;

(സി) പരാതി പരിശോധിച്ച് എത്ര പേര്‍ക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്; അവരുടെ പേര് വിവരം അടക്കമുള്ള വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കുളം നികത്തൽ</u>

1205 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ വട്ടംകുളം വില്ലേജിൽ 119/8 സർവ്വേ നമ്പർ ഭൂമിയിലുള്ള നാമ്പാടത്ത് കുളം പൊതുകുളമാണോ എന്നു വ്യക്തമാക്കുമോ;

(ബി) ഈ കുളം സർക്കാർ റെക്കോർഡ് പ്രകാരം എത്ര സെന്റിലാണ് ഉള്ളതെന്നു വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഈ കുളം എത്ര സെന്റിലാണുള്ളത്;

(ഡി) ഈ കുളം മണ്ണിട്ടു നികത്താൻ സർക്കാർ ആർക്കെങ്കിലും അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ആർക്കാണു നൽകിയിരിക്കുന്നതെന്നു വിശദമാക്കുമോ;

(ഇ) മണ്ണിട്ടു നികത്തിയിട്ടുണ്ടെങ്കിൽ അതിന്റെ പൂർവ്വസ്ഥിതിയിലാക്കാനും, ഈ കുളം സർവ്വേ നടത്തി അതിന്റെ അളവു കണ്ടെത്തി പൊതുജനങ്ങൾക്കു കാർഷികാവശ്യത്തിനും മറ്റുംവിട്ടുകൊടുക്കുന്നതിനുമുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>പാമ്പുകടിയേറ്റു മരണപ്പെട്ടതിനുള്ള നഷ്ടപരിഹാരം</u>

1206 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ കാലടി വില്ലേജിൽ പോത്തന്നൂരിലെ താഴത്തെപറമ്പിൽ മുഹമ്മദ് എന്നയാൾ പാമ്പുകടിയേറ്റു മരിച്ചതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരമായ ഒരു ലക്ഷം രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ കാലടി വില്ലേജ് ഓഫീസിൽ ലഭിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ, ബന്ധപ്പെട്ട അപേക്ഷ വില്ലേജ് ഓഫീസർ പൊന്നാനി തഹസീൽദാർ മുഖേന വനം വകുപ്പിനു കൈമാറിയിരുന്നോ;

(സി) പാമ്പുകടിയേറ്റു മരണമടയുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായം മുഹമ്മദിന്റെ കുടുംബത്തിനു കൈമാറിയിരുന്നോ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ;

(ഇ) സഹായം ലഭിക്കാൻ ഇനി എന്താണ് ഈ കുടുംബം ചെയ്യേണ്ടതെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>മണൽ പാസ്</u>

1207 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലപ്പിള്ളി താലൂക്ക് ആഫീസ് മുഖേന ഭാരതപ്പുഴ മണൽ എടുക്കുന്നതിനായി 2012 ഡിസംബർ, 2013 ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ എത്ര ഗുണഭോക്താക്കൾക്കാണ് മണൽ പാസ് നൽകിയിട്ടുള്ളത് ;

(ബി) ഇത്രയും പേർക്ക് എത്ര ലോറി മണൽ ആണ് ആകെ നൽകാനുള്ളത് ;

(സി) ഇതിൽ എത്ര ലോഡ് മണൽഗുണഭോക്താക്കൾക്ക് എടുക്കാൻ കഴിഞ്ഞു;

(ഡി) മണലിനായി പണം അടയ്ക്കുകയും, പാസ് ലഭിക്കുകയും ചെയ്തിട്ട് നിശ്ചിത സമയത്ത് മണൽ ലഭിക്കാത്തതുകൊണ്ട് ഭവന നിർമ്മാണത്തിലുണ്ടായിട്ടുള്ള പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് വിനിയോഗം</u>

1208 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസഫണ്ടിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ;

(ബി) പ്രവൃത്തികൾ ഏതെല്ലാമെന്നും എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചു എന്നും പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>മിച്ചഭൂമി</u>

1209 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാന്റ് ബോർഡിന്റെ ഡി.എൽ. ബി 6684 നമ്പർ ഉത്തരവ് പ്രകാരം കോഴിക്കോട് കാവിലുംപാറ വില്ലേജിൽ മാത്യൂ എബ്രഹാം മംഗലപ്പള്ളി എന്നയാളിൽ നിന്നും മിച്ചഭൂമി ഏറ്റെടുക്കുവാൻ ഉത്തരവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മിച്ചഭൂമിയുടെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മിച്ചഭൂമി ആർക്കെങ്കിലും പതിച്ച് നൽകിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഇപ്പോൾ പ്രസ്തുത ഭൂമി ആരുടെ കൈവശത്തിലാണ് ഉള്ളതെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത മിച്ചഭൂമി കഴിയുന്നതും വേഗം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>നാദാപുരം മണ്ഡലത്തിലെ പുറംപോക്ക് ഭൂമി</u>

1210 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ റവന്യൂ വകുപ്പിന്റെ കീഴിലുള്ള പുറംപോക്ക് ഭൂമി എത്രയാണ്;

(ബി) വില്ലേജും സർവ്വേ നമ്പറും, വിസ്തീർണ്ണവും ഉൾപ്പെടെയുള്ള വിശദ വിവരം ലഭ്യമാക്കുമോ;

(സി) നിയുക്ത സംരംഭങ്ങൾക്കായി പുറംപോക്ക് ഭൂമി ഇതിനകം വിട്ട് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**21.03.2013-ലെ മറുപടിക്ക്**

<u>ഗ്രൂപ്പ് വില്ലേജ്</u>

1211 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വില്ലേജ് ഓഫീസുകളിൽ ഒന്നിലധികം വില്ലേജുകൾ ചേർന്ന് ഗ്രൂപ്പ് വില്ലേജായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓരോ വില്ലേജിനും സ്വന്തമായി ഓഫീസ് നിർമ്മിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

ലീഗല്‍ മെട്രോളജി വകുപ്പിനെ കാര്യക്ഷമമാക്കുവാന്‍ നടപടി

1212

ശ്രീ. സണ്ണി ജോസഫ്
,, അന്‍വര്‍ സാദത്ത്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ലീഗല്‍ മെട്രോളജി വകുപ്പിനെ കാര്യക്ഷമമാക്കുവാന്‍ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് വകുപ്പില്‍ ഇടനിലക്കാര്‍ പ്രവര്‍ത്തിക്കുന്നത്;

(സി) ഇതിനായി വകുപ്പില്‍ ഇടനിലക്കാരെ ഒഴിവാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(ഡി) ഇടനിലക്കാര്‍ക്ക് പ്രോല്‍സാഹനം നല്‍കുന്ന ഉദ്യോഗസ്ഥരുടെ പേരില്‍ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കയർ മേള</u>

1213 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' വി. ഡി. സതീശൻ
'' എം. എ. വാഹീദ്
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം കയർ മേള സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എത്ര രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളാണ് ഈ മേളയിൽ പങ്കെടുക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എത്ര കോടി രൂപയ്ക്കുള്ള നേരിട്ടുള്ള വിൽപനയ്ക്കാണ് മേളയിൽ അരങ്ങൊരുങ്ങിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) മറ്റു വർഷങ്ങളേക്കാൾ വിറ്റുവരവിൽ എത്ര വർദ്ധനവാണ് ഈ വർഷം ഉണ്ടായത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) കയർ മേഖലയിലെ ഗവേഷണ സാങ്കേതിക വിവരങ്ങൾ കൈമാറ്റം ചെയ്യുന്നതിൽ എന്തെല്ലാം നടപടികൾ മേളയിൽ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കയർ മേഖലയിലെ പ്രശ്നങ്ങൾ</u>

1214 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻകം സപ്പോർട്ട് സ്കീം സ്വകാര്യ കയർ മേഖലയിലെ തൊഴിലാളികൾക്കു കൂടി ബാധകമാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) 2012-13 സാമ്പത്തിക വർഷം കയർ വകുപ്പിന് സംസ്ഥാന ബഡ്ജറ്റിൽ ഓരോ ഇനത്തിനും എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഖജനാവിൽ നിന്നും ഇതിനകം ചിലവഴിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>ആലപ്പുഴയിൽ നടന്ന കയർ മേള</u>

1215 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഫെബ്രുവരിയിൽ ആലപ്പുഴയിൽ നടന്ന കയർ മേളയിൽ എത്ര രാജ്യങ്ങളിലെ പ്രതിനിധികളാണ് പങ്കെടുത്തതെന്ന് വ്യക്തമാക്കുമോ; എത്ര കോടി രൂപയുടെ ഓർഡറുകളാണ് ഈ മേളയിലൂടെ കയർ മേഖലയിൽ ലഭിച്ചത് എന്ന് പറയാമോ; ഈ ഓർഡറുകളിൽ കയർ സഹകരണ സംഘങ്ങൾക്ക് എത്ര കോടി രൂപയുടെ വിദേശ ഓർഡറുകൾ ലഭിച്ചു; ഏതു വർഷത്തേയ്ക്കുള്ള ഓർഡറുകളാണ് ലഭിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ കയർ മേഖലയിലെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യന്ത്ര സംവിധാനം ഒരുക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത് എന്നു വ്യക്തമാക്കുമോ; പുതുതായി തയ്യാറാക്കുന്ന യന്ത്ര സംവിധാനത്തിലൂടെ നിലവിൽ ലഭിച്ചിട്ടുള്ള വിദേശ ഓർഡറുകൾ പൂർണ്ണമായും യഥാസമയം നൽകുന്നതിന് സാധിക്കുമോ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>സമൃദ്ധി കാർഷിക പ്രോത്സാഹന പദ്ധതി</u>

1216 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർഫെഡിന്റെ സമൃദ്ധി കാർഷിക പ്രോൽസാഹന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ;

(ബി) സംസ്ഥാനത്തെ പച്ചക്കറി വിളകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉൽപ്പാദന വർദ്ധനവിനും എന്തെല്ലാം ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 21.03.2013-ലെ മറുപടിക്ക്

<u>കയർ വിപണിവികസന സഹായം</u>

1217 ശ്രീ. വർക്കല കഹാർ
,, ഹൈബി ഈഡൻ
,, പാലോട് രവി
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട കയർ ഉല്പാദക സഹകരണ സംഘങ്ങൾക്ക് വിപണിവികസന സഹായം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് സംഘങ്ങൾക്ക് ഈ പദ്ധതി വഴി ലഭിക്കുന്നത്; വിശദാംശങ്ങളെന്തെല്ലാം?